**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 53** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ലഹരി വ്യാപനം തടയുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. ആർ. അനിൽ

ശ്രീ. പി. പ്രസാദ്

ശ്രീമതി ഗീതാ ഗോപി

ശ്രീ. കെ. കെ. വത്സരാജ്

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** ലഹരി വ്യാപനം തടയുന്നതിന് പോലീസ്, എക്സൈസ്, ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവരുടെയെല്ലാം കൂട്ടായ പ്രവർത്തനങ്ങൾ നിർണ്ണായകമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഹരി വ്യാപനം തടയുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്ത് പോലീസ്, തദ്ദേശസ്വയംഭരണം, യുവജനകാര്യം, പൊതുവിദ്യഭ്യാസം, ഉന്നതവിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യനീതി, വനിതാ-ശിശുവികസനം തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ച് എക്സൈസ് വകുപ്പ് വിവിധ ബോധവത്കരണ-പ്രതിരോധ-പുനരധിവാസ പ്രവർത്തനങ്ങളും ലഹരി വസ്തുക്കളുടെ ഉൽപ്പാദനം, കടത്ത്, സംഭരണം, വിതരണം, വിൽപ്പന എന്നിവ തടയുന്നതിനായി പോലീസ്, എക്സൈസ് വകുപ്പുകൾ സംയുക്തമായും വെവ്വേറെയും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തിവരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി എക്സൈസ് വകുപ്പ് മറ്റ് വകുപ്പുകളുമായി ചേർന്ന് 2021-ൽ 1237, 2022-ൽ 2790, 2023-ൽ 3529, 2024-ൽ 3951, 2025-ൽ 3972, 2026 ജൂൺ 16 വരെ 2409 സംയുക്ത പരിശോധനകൾ നടത്തിയിട്ടുണ്ട്.

**<u>ഓപ്പറേഷൻ തണ്ടർ</u>**

28.05.2026 മുതൽ "ഓപ്പറേഷൻ തണ്ടർ" എന്ന പേരിൽ എക്സൈസ് വകുപ്പ് തീവ്ര എൻ.ഡി.പി.എസ്. സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്. ഓപ്പറേഷൻ തണ്ടറിന്റെ ഭാഗമായി നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഫലമായി ഇതുവരെ 828 NDPS കേസുകൾ കണ്ടെടുക്കുകയും 763 പ്രതികളിൽ 732 പേരെ അറസ്റ്റ് ചെയ്യുകയും 607025 രൂപ തൊണ്ടിയായി കണ്ടെടുക്കുകയും 29 വാഹനങ്ങൾ സർക്കാരിലേക്ക് കണ്ട് കെട്ടുകയും ചെയ്തിട്ടുണ്ട്. കൂടാതെ 7.94 ഗ്രാം ബ്രൗൺ ഷുഗർ, 14 കഞ്ചാവ് ബീഡി, 3 കഞ്ചാവ് സിഗററ്റ്, 133.790 കി.ഗ്രാം കഞ്ചാവ്, 190 കഞ്ചാവ് ചെടികൾ, 27 ഗ്രാം ഹാഷിഷ്, 48.773 ഗ്രാം ഹാഷിഷ് ഓയിൽ, 164.76 ഗ്രാം ഹെറോയിൻ, 7 ഗ്രാം ഹൈബ്രിഡ് കഞ്ചാവ്, 461.135 ഗ്രാം MDMA, 60.766ഗ്രാം മെത്താംഫിറ്റാമിൻ, 14.42 ഗ്രാം നൈട്രോസെഫാം, 315 ഗ്രാം THC Candy, 36 e-cigaratte എന്നിവ കണ്ടെടുത്തിട്ടുണ്ട്.

അതിഥി തൊഴിലാളികൾ തിങ്ങി പാർക്കുന്ന പെരുമ്പാവൂർ മേഖലകളിൽ ലഹരി ഉപയോഗവും, വിൽപ്പനയും വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി പ്രദേശങ്ങളിൽ

എക്സൈസ് വകുപ്പ് പോലീസുമായും തൊഴിൽ വകുപ്പുമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും സഹകരിച്ച് പ്രത്യേക പരിശോധനകളും സംയുക്ത റെയ്ഡുകളും രഹസ്യാന്വേഷണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥലങ്ങളിൽ എക്സൈസ് വകുപ്പ് 6748 റെയ്ഡുകൾ നടത്തുകയും 505 NDPS കേസുകളിലായി 313.867 Kg കഞ്ചാവും, 1139.926 ഗ്രാം ഹെറോയിനും, 1.615 Kg ഹാഷിഷ് ഓയിലും, 20.339 ഗ്രാം MDMA-യും ഉൾപ്പടെയുള്ളവ കണ്ടെത്തി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഈ സർക്കാരിന്റെ 18.05.2026 മുതൽ 18.06.2026 വരെയുള്ള ഒരു മാസക്കാലയളവിൽ പ്രസ്തുത മേഖലകളിൽ നടത്തിയ 227 റെയ്ഡുകളിലായി 29 എൻ.ഡി.പി.എസ്. കേസുകളും, 23 അബ്കാരി കേസുകളും, കോട്പ (COTPA) നിയമപ്രകാരം 104 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. എൻ.ഡി.പി.എസ്. കേസുകളിൽ 24 പേരെയും അബ്കാരി കേസുകളിൽ 23 പേരെയും അറസ്റ്റ് ചെയ്ത് നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത കേസുകളിൽ നിന്നായി 54.392 ഗ്രാം ഹെറോയിൻ, 1.198 കിലോഗ്രാം കഞ്ചാവ്, 5 കഞ്ചാവ് ചെടികൾ, 35 കിലോഗ്രാം നിരോധിത പുകയില ഉൽപ്പന്നങ്ങൾ, 65.750 ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശമദ്യം, 6.500 ലിറ്റർ ബിയർ എന്നിവയും, തൊണ്ടിമുതലായി 72,600/- രൂപയും പിടിച്ചെടുത്തിട്ടുണ്ട്. കൂടാതെ, കോട്പ നിയമപ്രകാരമുള്ള കേസുകളിൽ 20,800/- രൂപ പിഴയായി ഈടാക്കിയിട്ടുമുണ്ട്.

അതിഥി തൊഴിലാളികൾ താമസിക്കുന്ന ലേബർ ക്യാമ്പുകൾ, വിദ്യാലയ-കോളേജ് പരിസരങ്ങൾ, ആളൊഴിഞ്ഞ കെട്ടിടങ്ങൾ, പൊതുസ്ഥലങ്ങൾ, ലഹരി ഇടപാടുകൾക്ക് സാധ്യതയുള്ള മറ്റ് കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് കർശനമായ പരിശോധനകളും സംയുക്ത റെയ്ഡുകളും രഹസ്യാന്വേഷണ പ്രവർത്തനങ്ങളും നടത്തി വരുന്നു.

**<u>മയങ്ങില്ല കേരളം</u>**

മയക്കുമരുന്ന് ഉപയോഗത്തിനും അനധികൃത കടത്തിനും എതിരായ അവബോധം സൃഷ്ടിക്കുന്നതിനും, പൊതുസമൂഹത്തെ ഒന്നാകെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനമായ ജൂൺ 26-ന് "മയങ്ങില്ല കേരളം" എന്ന പേരിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്ര മയക്കുമരുന്ന് വിരുദ്ധ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കയാണ്. സർക്കാർ വകുപ്പുകൾ, സാമൂഹ്യ-സന്നദ്ധ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, വാർഡ്തല ജനജാഗ്രതാ സമിതികൾ, സാമൂഹ്യപ്രവർത്തകർ, ജനപ്രതിനിധികൾ കുടുംബശ്രീ-ആശാപ്രവർത്തകർ, ക്ലബ്ബുകൾ എന്നിങ്ങനെ വിവിധ മേഖലകളിൽ നിന്നുള്ളവരുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുക. "ജനജാഗ്രതാ വോളന്റിയർമാർ" ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും എക്സൈസ് വകുപ്പിനെ സഹായിക്കും.

"മയങ്ങില്ല കേരളം" പദ്ധതിയുടെ ഭാഗമായി നിലവിലുള്ള വിമുക്തി പ്രവർത്തനങ്ങൾക്ക് പുറമെ കൂടുതൽ ശക്തമായ ലഹരിവിരുദ്ധ ക്യാമ്പയിനുകൾ സംഘടിപ്പിക്കും. ലഹരി ഉപയോഗം ആരംഭത്തിൽ തന്നെ കണ്ടെത്തി ആവശ്യമായ കൗൺസിലിംഗ് നൽകുന്നതിനൊപ്പം ചികിത്സ ആവശ്യമായവർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സജ്ജീകരണങ്ങളും ഏർപ്പെടുത്തും.

**<u>ജനജാഗ്രതാ വെബ് പോർട്ടലും മൊബൈൽ അപ്ലിക്കേഷനും</u>**

എക്സൈസ് വകുപ്പിന്റെ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായ എല്ലാ സേവനങ്ങളും വിവരങ്ങളും പൊതുജനങ്ങൾക്കു കൂടി ലഭ്യമാകുന്നതിന് ഒരു ജനജാഗ്രതാ വെബ് പോർട്ടലും ഒരു മൊബൈൽ അപ്ലിക്കേഷനും ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. ബോധവൽക്കരണം, കൗൺസിലിംഗ്, ഡീ-അഡിക്ഷൻ ചികിത്സ തുടങ്ങിയവയുമായി ബന്ധപ്പെട്ട

സേവനങ്ങൾ പൊതുജനങ്ങൾക്കു ലഭിക്കുന്നതിനും, പൊതുജനങ്ങളുടെ നിർദ്ദേശങ്ങൾ പരാതികൾ, ആവശ്യങ്ങൾ, അഭിപ്രായങ്ങൾ എന്നിവ സർക്കാരിലേക്ക് നൽകുന്നതിനും ഇത് വഴി സാധിക്കും.

**<u>പുനരധിവാസ കേന്ദ്രങ്ങൾ</u>**

ഡി-അഡിക്ഷൻ ചികിത്സയ്ക്ക് ശേഷമുള്ള പിൻതുണാ സംവിധാനങ്ങൾക്ക് എക്സൈസ് വകുപ്പിന്റെ കീഴിൽ നിലവിൽ പുനരധിവാസ കേന്ദ്രങ്ങൾ ഇല്ല. മാതൃകാ പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങളും "മയങ്ങില്ല കേരളം" പദ്ധതിയുടെ ഭാഗമാണ്.

**<u>കെമിക്കൽ ലാബ്</u>**

കേസുകളിൽ പിടിച്ചെടുക്കുന്ന ലഹരി വസ്തുക്കളുടെ രാസപരിശോധനാ ഫലം ലഭിക്കാൻ വൈകുന്നത് പലപ്പോഴും കേസുകളെ പ്രതികൂലമായി ബാധിക്കുന്നതിനാൽ എക്സൈസ് വകുപ്പിന് സ്വന്തമായി ഒരു കെമിക്കൽ ലാബ് ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

**<u>ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ</u>**

ലഹരി വസ്തുക്കളുമായി പിടികൂടുന്നവരുടെ കൈവശമുള്ളത് ലഹരി വസ്തുക്കളാണ് എന്ന് പ്രാഥമികമായി ഉറപ്പാക്കുന്നതിനു ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകളുടെ അഭാവം പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. സിന്തറ്റിക് മയക്കുമരുന്നുകൾ മറ്റു മാർഗത്തിൽ പരിശോധിക്കാൻ സാധിക്കാത്തതിനാൽ ഫീൽഡുകളിൽ ഉപയോഗിക്കുന്നതിനു ആവശ്യമായ ഗുണനിലവാരമുള്ള ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന് കീഴിൽ മാതൃകാ റേഞ്ച് ഓഫീസ് രൂപീകരിക്കുന്ന വിഷയം സർക്കാർ ഗൗരവമായി പരിശോധിച്ച് വരികയാണ്.

**<u>സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ</u>**

എക്സൈസ് വകുപ്പിന് കീഴിൽ State Narcotics Control Bureau രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കും.

വിദ്യാലയങ്ങളും കോളേജുകളും കേന്ദ്രീകരിച്ചുള്ള ലഹരി വ്യാപനം തടയുന്നതിനായി അധ്യാപകർ, രക്ഷിതാക്കൾ, പി.ടി.എ., വിദ്യാർത്ഥി സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ലഹരിയുടെ ഉപയോഗം മൂലം വിദ്യാർത്ഥികളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങളും, പെരുമാറ്റ വൈകല്യങ്ങളും അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി അവ പരിഹരിച്ച് കുട്ടികളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് നേർവഴി പദ്ധതി നടപ്പിലാക്കി വരുന്നു. ലഹരി ഉപയോഗം സംബന്ധിച്ച പരാതി അറിയിക്കുന്നതിനായി ഈ പദ്ധതിയിൽ 9656178000 മൊബൈൽ നമ്പർ നിലവിലുണ്ട്. സന്നദ്ധ സംഘടനകളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ലഹരി വിരുദ്ധ ക്യാമ്പയിനുകൾ, ജനകീയ ജാഗ്രതാ പരിപാടികൾ, ലഹരി ഉപയോഗം സംബന്ധിച്ച വിവരങ്ങൾ കൈമാറുന്നതിനുള്ള സംവിധാനങ്ങൾ എന്നിവയും ശക്തിപ്പെടുത്തിയിട്ടുണ്ട്. ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സർക്കാർ വകുപ്പുകൾ, നിയമപാലന ഏജൻസികൾ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവരുടെ ഏകോപിതവും തുടർച്ചയായതുമായ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** മയക്കുമരുന്ന് വിതരണവും ഉപയോഗവും പൂർണമായി നിർമ്മാർജനം ചെയ്ത് സംസ്ഥാനത്തെ ലഹരിമുക്തമാക്കുന്നതിനുള്ള സമഗ്രപദ്ധതി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ചിരുന്നോ; എങ്കിൽ വിശദമാക്കാമോ;

**<u>മറുപടി:</u>** കഴിഞ്ഞ സർക്കാർ സംസ്ഥാനത്തെ ലഹരിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ "വിമുക്തി" പദ്ധതി നടപ്പിലാക്കിയിരുന്നു. പ്രസ്തുത പദ്ധതിയിലൂടെ പ്രധാനമായും ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും ലഹരി വിമുക്ത ചികിത്സാ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിയിരുന്നു. ആരോഗ്യവകുപ്പുമായി സഹകരിച്ച് ലഹരിക്കടിമപ്പെട്ടവർക്ക് ലഹരി മോചന ചികിത്സ നൽകുന്നതിന് 14 ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. 2026 മെയ് വരെ ഡീ-അഡിക്ഷൻ സെന്ററിൽ ചികിത്സ തേടിയവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | ഔട്ട് പേഷ്യന്റ് | ഇൻ പേഷ്യ ന്റ് | 18 വയസ്സിന്സ്സിന് താഴെ |
|---|---|---|---|
| തിരുവനന്തപുരം | 11319 | 1356 | 0 |
| കൊല്ലം | 9770 | 626 | 1 |
| പത്തനംത്തിട്ട | 9119 | 1753 | 2 |
| ആലപ്പുഴ | 7669 | 526 | 3 |
| കോട്ടയം | 18108 | 1172 | 45 |
| ഇടുക്കി | 7365 | 1316 | 2 |
| എറണാകുളം | 15013 | 560 | 12 |
| തൃശ്ശൂർ | 18698 | 1162 | 87 |
| പാലക്കാട് | 6329 | 1620 | 0 |
| മലപ്പുറം | 15338 | 1423 | 1 |
| കോഴിക്കോട് | 20058 | 741 | 11 |
| വയനാട് | 6348 | 276 | 3 |
| കണ്ണൂർ | 17835 | 324 | 4 |
| കാസർഗോഡ് | 7367 | 697 | 2 |
| **ആകെ** | **170336** | **13552** | **173** |

"ഓപ്പറേഷൻ ക്ലീൻ സ്ലേറ്റ്" എന്ന പേരിൽ ലഹരിയുടെ ഉപയോഗം തടയുന്നതിനായി 05.03.2025 മുതൽ 18.05.2026 വരെ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് സംസ്ഥാനത്ത് ആകമാനം രണ്ട് ഘട്ടമായി നടത്തുകയുണ്ടായി. ഓപ്പറേഷൻ ക്ലീൻ സ്ലേറ്റിന്റെ ഭാഗമായി സംസ്ഥാനത്ത് 1888542 റെയ്ഡുകൾ നടത്തുകയും 15401 NDPS കേസുകൾ എടുക്കുകയും 15018 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. NDPS കേസുകളിൽ 3101.453കി.ഗ്രാം കഞ്ചാവ്, 8817 കഞ്ചാവ് ചെടികൾ, 1734.811 ഗ്രാം ഹെറോയിൻ, 513.234 ഗ്രാം ബ്രൗൺ ഷുഗർ, 15777.953 ഗ്രാം ചരസ്സ്, 1985.415 ഗ്രാം ഹാഷിഷ്, 8671.507 ഗ്രാം MDMA, 5.128 ഗ്രാം LSD എന്നിവ തൊണ്ടിമുതലായി കണ്ടെത്തിയിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ലഹരിക്കെതിരെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വിമുക്തി മിഷന്റെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളെയും സമൂഹത്തിലെ

നാനാവിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ച് കൊണ്ട് 'No to Drugs' എന്ന പേരിൽ സംസ്ഥാന വ്യാപകമായി ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ചിരുന്നു.

ഇതിന് പുറമെ ലഹരി വസ്തുക്കളുടെ ലഭ്യത കുറയ്ക്കുക എന്നതിനൊപ്പം ലഹരിക്ക് അടിമ പ്പെട്ടവരെ ചികിത്സയിലൂടെയും പുനരധിവാസത്തിലൂടെയും സാധാരണ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരിക, ചികിത്സ പൂർത്തിയാക്കിയവരിൽ പുനരുപയോഗം തടയുക എന്നിവയും ഒരുപോലെ പ്രധാനമാണ്. ഈ സാഹചര്യത്തിൽ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ കേവലം ബോധവൽക്കരണത്തിലോ നിയമനടപടികളിലോ ഡി-അഡിക്ഷൻ ചികിത്സയിലോ മാത്രം ഒതുങ്ങാതെ, പ്രതിരോധം (Prevention), ബോധവൽക്കരണം (Awareness), നിയമ നിർവ്വഹണം (Enforcement), ചികിത്സ (De-addiction), പുനരധിവാസം (Rehabilitation), തുടർ പരിചരണം (Aftercare) എന്നിവ സമന്വയിപ്പിച്ച സമീപനം സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സർക്കാർ വിലയിരുത്തിവരികയാണ്. ഇതിനായി ചികിത്സ ലഭിക്കുന്നവർക്കും ചികിത്സ പൂർത്തിയാക്കുന്നവർക്കും പുനരധിവാസ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തൊഴിൽ പരിശീലനവും സാമൂഹിക പുനരധിവാസ പരിപാടികളും നടപ്പാക്കുന്നതിനും, ചികിത്സയ്ക്കുശേഷമുള്ള ഫോളോ-അപ്പ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** ലഹരിയിൽ നിന്നും സാധാരണജീവിതത്തിലേക്ക് മടങ്ങിവരുന്നവരെ ഉൾക്കൊള്ളുന്ന തരത്തിൽ സമൂഹത്തെ മാറ്റിയെടുക്കുന്നതിനും അവർ വീണ്ടും ലഹരിയിലേക്ക് തിരിയാതിരിക്കാനുള്ള ജാഗ്രത പുലർത്തുന്നതിനും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**മറുപടി:** ലഹരി ഉപയോഗത്തിൽ നിന്ന് മോചിതരായി സാധാരണ ജീവിതത്തിലേക്ക് മടങ്ങിവരുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉൾക്കൊള്ളുകയും അവർ വീണ്ടും ലഹരി ഉപയോഗത്തിലേക്ക് തിരിയാതിരിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക എന്നത് സർക്കാരിന്റെ ലഹരിവിരുദ്ധ നയത്തിലെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. മുൻ സർക്കാർ കാലയളവിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പ്രധാനമായും എൻഫോഴ്സ്മെന്റ് നടപടികൾക്കും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുമാണ് പ്രാധാന്യം നൽകിയിരുന്നത്. ഈ സാഹചര്യത്തിൽ, ലഹരി ഉപയോഗത്തിൽ നിന്ന് മുക്തി നേടിയവരെ സമൂഹത്തിന്റെ സ്വീകാര്യതയോടെ സാധാരണ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിനും അവരോടുള്ള സാമൂഹിക അവഗണനയും വിവേചനവും ഇല്ലാതാക്കുന്നതിനുമുള്ള പ്രത്യേക നടപടികൾ സർക്കാർ ആവിഷ്കരിച്ചുവരികയാണ്.

ചികിത്സയും പുനരധിവാസവും തമ്മിൽ ഫലപ്രദമായ ഏകോപനം ഉറപ്പുവരുത്തുന്നതിനൊപ്പം, വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കൗൺസിലിംഗ്, മാനസികാരോഗ്യ പിന്തുണ, തൊഴിൽ പരിശീലനം, ഉപജീവന മാർഗങ്ങൾ കണ്ടെത്തുന്നതിനുള്ള സഹായം, കുടുംബ ശാക്തീകരണം, കായിക പ്രവർത്തനങ്ങൾ, സാമൂഹ്യ സേവനങ്ങൾ, തുടർപരിചരണ സംവിധാനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന സമഗ്രമായ പുനരധിവാസ മാതൃക രൂപപ്പെടുത്തുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ലഹരിമുക്തരായ വ്യക്തികളെ സമൂഹത്തിന്റെ സജീവപങ്കാളികളാക്കി മാറ്റുന്നതിനും അവർ വീണ്ടും ലഹരിയിലേക്ക് തിരിച്ചുപോകാനുള്ള സാധ്യത കുറയ്ക്കുന്നതിനുമായി പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, സാമൂഹിക സംഘടനകൾ, കായിക സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടെ സാമൂഹിക പിന്തുണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇതിലൂടെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശിക്ഷയിലും നിയന്ത്രണത്തിലും മാത്രം ഒതുങ്ങാതെ ബോധവത്ക്കരണം, ചികിത്സ, പുനരധിവാസം, സാമൂഹിക പുനഃസംയോജനം എന്നിവയ്ക്ക് തുല്യ പ്രാധാന്യം നൽകുന്ന സമഗ്ര സമീപനം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**(ഡി)** ലഹരിക്കടത്തിന് കുട്ടികളെ ഉൾപ്പെടെ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ പ്രതിരോധ നടപടിയാണ് എക്സൈസ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്. കുട്ടികൾക്കിടയിൽ ലഹരി ഉപയോഗവും ചെറിയ അളവിൽ ലഹരിവസ്തുക്കൾ കൈമാറ്റം ചെയ്യുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുട്ടികൾ ഉൾപ്പെട്ട കേസുകളിൽ കുട്ടികൾക്ക് കൗൺസിലിങ്ങ് നടത്തി ലഹരി മുക്തി വന്നവരെ NDPS നിയമം 64 വകുപ്പിൽ നിഷ്കർഷിക്കും പ്രകാരം പ്രോസിക്യൂഷനിൽ നിന്ന് സംരക്ഷണം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2021-ൽ 681, 2022-ൽ 1238, 2023-ൽ 1982, 2024-ൽ 2880, 2025-ൽ 852 എന്ന കണക്കിൽ ലഹരി കേസ്സുകളിൽപ്പെട്ടതോ, ലഹരി ഉപയോഗിക്കുന്നതോ ആയ 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഡി-അഡിക്ഷൻ സെന്ററിൽ ചികിത്സ നൽകിയിട്ടുണ്ട്.

ലഹരിക്കടത്തിനും ലഹരി വസ്തുക്കളുടെ വിതരണത്തിനുമായി കുട്ടികളെയും വിദ്യാർത്ഥികളെയും ഉൾപ്പെടെ ദുരുപയോഗം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ അതീവ ഗൗരവത്തോടെയാണ് സർക്കാർ വീക്ഷിക്കുന്നത്. കുട്ടികളെ ലഹരി ഉപയോഗത്തിനും ലഹരി കടത്തിനും ഇടനിലക്കാരായി ഉപയോഗിക്കുന്നതും ഇരകളാക്കുന്നതും തടയുന്നതിന് പ്രതിരോധ, ബോധവത്കരണ, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി വരികയാണ്.

സർക്കാരിന്റെ പ്രത്യേക കർമ്മ പദ്ധതിയുടെ ഭാഗമായി എക്സൈസ് വകുപ്പ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും, ബോധവത്കരണ പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, വലിയ അളവിൽ മയക്കുമരുന്ന് പിടികൂടുന്ന കേസുകളിൽ ശാസ്ത്രീയവും സമയബന്ധിതവുമായ അന്വേഷണം നടത്തി യഥാർത്ഥ പ്രതികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും അവർക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ബഹു. എക്സൈസ് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ എക്സൈസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്യുകയും സംസ്ഥാന നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്.

കുട്ടികളെയും വിദ്യാർത്ഥികളെയും ലക്ഷ്യമിട്ടുള്ള ലഹരി ശൃംഖലകളെ ചെറുക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക നിരീക്ഷണവും പരിശോധനകളും നടത്തി വരുന്നു. ഓരോ വിദ്യാലയങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകളും കോളേജ് തലത്തിൽ നേർക്കൂട്ടം കമ്മിറ്റികളും കോളേജ് ഹോസ്റ്റലുകൾ കേന്ദ്രീകരിച്ച് ശ്രദ്ധ കമ്മിറ്റികളും രൂപീകരിച്ച് കുട്ടികളെയും യുവജനങ്ങളെയും ലഹരി വിപത്തിന്റെ ഭാഗമാകുന്നതിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

സ്കൂൾ പരിസരങ്ങളിൽ നിരന്തര നിരീക്ഷണം ഏർപ്പെടുത്തുന്നതിനും പ്രാദേശിക ജാഗ്രതാ സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ തുറക്കുന്നതിന് മുമ്പും അടച്ചതിന് ശേഷവും പ്രത്യേക പരിശോധനകൾ നടത്തിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലെ കടകളിലും വിദ്യാർത്ഥികൾ കൂട്ടംകൂടാൻ സാധ്യതയുള്ള സ്ഥലങ്ങളിലും കർശന പരിശോധനകൾ നടത്തുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 90 മീറ്റർ ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ആവശ്യമായ സാഹചര്യങ്ങളിൽ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം കുറയ്ക്കുന്നതിനുള്ള പ്രത്യേക നടപടികളുടെ ഭാഗമായി 2026 ജനുവരി മുതൽ ജൂൺ 18 വരെ സ്കൂൾ പരിസരങ്ങൾ ഉൾപ്പെടെ സംസ്ഥാനത്താകെ നടത്തിയ 45,562 പരിശോധനകളിൽ 45562 കേസുകളിൽ നിന്നായി 15,414.043 കിലോഗ്രാം പുകയില ഉൽപ്പന്നങ്ങൾ പിടിച്ചെടുക്കുകയും 91,01,975/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ 5953 NDPS കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മയക്കുമരുന്ന് ശൃംഖലകളെ ഫലപ്രദമായി തകർക്കുന്നതിനും കുട്ടികളെയും യുവജനങ്ങളെയും ഇത്തരം സംഘങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുമായി ഒന്നിലധികം മേജർ/കൊമേഴ്സ്യൽ NDPS കേസുകളിൽ ഉൾപ്പെട്ട അനുയോജ്യരായ പ്രതികൾക്കെതിരെ 1988-ലെ PIT NDPS Act-ലെ വകുപ്പ് 3(1) പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള പ്രപ്പോസലുകൾ സമർപ്പിച്ചു വരികയാണ്. 2023-ൽ 62, 2024-ൽ 5, 2025-ൽ 17, 2026-ൽ 10 പ്രൊപ്പോസലുകൾ സമർപ്പിച്ചതിൽ 2024-ൽ ഒന്ന്, 2025-ൽ 7, 2026-ൽ 7 -ഉം പ്രൊപ്പോസലുകൾ അംഗീകരിച്ചിട്ടുണ്ട്.

വലിയ അളവിൽ മയക്കുമരുന്ന് പിടിച്ചെടുക്കുന്ന കേസുകളിൽ 68F പ്രകാരം പ്രതികളുടെ സ്വത്ത് കണ്ട് കെട്ടുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. 68F പ്രകാരം 2021-ൽ 1, 2022-ൽ 1, 2023-ൽ 2, 2024-ൽ 1, 2025-ൽ 1, 2026-9-ഉം എണ്ണം നടപടി സ്വീകരിച്ചിട്ടുണ്ട് (Account temporarily frozen).

**സെക്ഷൻ ഓഫീസർ**